

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/ ഇ3/2053/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/ ഇ3/2053/2025 തീയ്യതി: 22/12/2025

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 14-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എ.എസ് ബിജേഷ് കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	15-10-2025	23-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-10-2025	23-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി ഹരി.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.എൻ രാജീവൻ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജാസിർ സി.എം സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രൂവിത ആർ.ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബാബു കെ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി.രാജശ്രീ സി.എച്ച്	സെക്രട്ടറി	01-04-2024	03-04-2024
ശ്രീ.രാജീവൻ വി.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-04-2024	30-04-2024
ശ്രീമതി.രാജശ്രീ സി.എച്ച്	സെക്രട്ടറി	01-05-2024	12-05-2024
ശ്രീ.രാജീവൻ വി.പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-05-2024	29-05-2024
ശ്രീമതി.രാജശ്രീ സി.എച്ച്	സെക്രട്ടറി	30-05-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രാജീവൻ വി.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി.ആര്യ ബാബു പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ.ജ്യോത്സ്ന ബാലകൃഷ്ണൻ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025
ഡോ.ടെസ്റ്റി മെറിൻ	മെഡിക്കൽ ഓഫീസർ,ആയുർവ്വേദ	01-04-2024	31-03-2025
ശ്രീ.നിസാർ ഉത്തരപ്പള്ളി	വി.ഇ.ഒ തിനൂർ സർക്കിൾ	01-04-2024	07-10-2024
ശ്രീമതി.മഞ്ജുഷ സി.കെ	വി.ഇ.ഒ തിനൂർ സർക്കിൾ	07-10-2024	31-03-2025
ശ്രീമതി.നിത്യ ബി	വി.ഇ.ഒ നരിപ്പറ്റ സർക്കിൾ	01-04-2024	07-10-2024
ശ്രീ.സിദ്ധാർത്ഥ് ബി.എസ്	വി.ഇ.ഒ നരിപ്പറ്റ സർക്കിൾ	07-10-2024	11-11-2024
ശ്രീ.വിബിൻ പി.എം	വി.ഇ.ഒ നരിപ്പറ്റ	11-11-2024	23-01-2025

	സർക്കിൾ		
ശ്രീ.അനന്ദു സജി	വി.ഇ.ഒ നരിപ്പറ്റ സർക്കിൾ	23-01-2025	31-03-2025
ശ്രീമതി.ഷരീഫ കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ഡോ.അഞ്ജന ജെ.എസ്	വെറ്ററിനറി സർജൻ	01-04-2024	04-04-2024
ഡോ.നീതു ബാലകൃഷ്ണൻ	വെറ്ററിനറി സർജൻ	04-04-2024	18-04-2024
ഡോ.ശിൽപ്പ നിവേദിത കെ	വെറ്ററിനറി സർജൻ	18-04-2024	31-03-2025
ശ്രീ.പ്രദീപ് കുമാർ വി.പി	ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്	01-04-2024	14-06-2024
ശ്രീ.റഫീഖ് മാപ്പിളാർ കുന്നുമ്മൽ	ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്	14-06-2024	31-03-2025
ശ്രീ.മഹേഷ് കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി.ഫിദ ഹുസ്ന	കൃഷി ഓഫീസർ	01-04-2024	05-04-2024
ശ്രീമതി.ശ്രീഷ എം	കൃഷി ഓഫീസർ	05-04-2024	21-06-2024
ശ്രീ.അമൽ ബേബി	കൃഷി ഓഫീസർ	21-06-2024	12-12-2024
ശ്രീമതി.മിഥുന ശിവാനന്ദൻ	കൃഷി ഓഫീസർ	12-12-2024	15-03-2025
ശ്രീമതി.അനശ്വര എം രാജ്	കൃഷി ഓഫീസർ	15-03-2025	18-03-2025
ശ്രീമതി.മിഥുന ശിവാനന്ദൻ	കൃഷി ഓഫീസർ	18-03-2025	31-03-2025
ഡോ.ഇസ്മയിൽ പുളിയംവീട്ടിൽ	മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, എഫ്.എച്ച്.സി നരിപ്പറ്റ	01-04-2024	26-07-2024
ഡോ.ഷാരോൺ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നരിപ്പറ്റ	27-07-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	കാഷ്-ഫ്ലോ പത്രികയിലെ ആകെ കാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	ലെഡ്ജർ ബാലൻസുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-5
7	ഡിപ്രിസിയേഷനും ആസ്തി വിവരങ്ങളും തമ്മിൽ പൊരുത്തക്കേട്	1-1-6
8	ചെക്കുകൾ കളക്ഷനായില്ല-വരവ് നഷ്ടം	1-1-7
9	സി.എഫ്.സി-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ആയത് നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-8
10	കെട്ടിടവാടക കളക്ഷൻ തുകകളിൽ വ്യത്യാസം	1-1-9
11	ഇ-ടെണ്ടർ ഫീ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	കാഷ് ബാലൻസ് പരിശോധന	1-6
17	വസ്തു നികുതി പരിഷ്കരണം പൂർണ്ണമായില്ല	1-7
18	വാണിജ്യ കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാതെ ഒക്യുപെൻസി അനുവദിക്കുകയും വസ്തു നികുതി കുറവായി നിർണയിക്കുകയും ചെയ്തു	1-8
19	ചെക്കുകൾ കളക്ഷനായില്ല - വരവ് നഷ്ടം	1-9
20	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 11,788/-രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു	1-10
21	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല	1-11
22	ഐ ഇ സി ബോർഡുകൾ സ്ഥാപിക്കൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല	1-12
23	സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല	1-13
24	റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല	1-14

25	പ്രൊജക്ടുകളുടെ ആധിക്യം- നിരവധി മരാമത്ത് പദ്ധതികൾ സ്പിൽ ഓവറായി മാറുന്നു	1-15
26	ജലജീവൻ പദ്ധതി - മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കിയില്ല	1-16
27	എസ്.എസ്.കെ പദ്ധതി നിർവഹണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം കുറവ്	1-17
28	ഇ-ടെൻഡർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-18
29	ആടു വളർത്തൽ പദ്ധതി (വനിത) നിർവഹണത്തിലെ അപാകങ്ങൾ	1-19
30	റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്- പദ്ധതി നടപ്പാക്കിയില്ല	1-20
31	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-21
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ-റേഷ്യോസ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2025 തീയതിയിലെ 2/1 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 22.10.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ

വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 കാഷ്-ഫ്ലോ പത്രികയിലെ ആകെ കാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിനോടൊന്നിച്ച് സമർപ്പിച്ച കാഷ്-ഫ്ലോ പത്രികയിലെ ആകെ കാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ആകെ കാഷ് ഫ്ലോ തുക – 2,46,02,413/-, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം – 41,02,639/-

1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-4 ലെഡ്ജർ ബാലൻസുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-5 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്തില്ല

Maintenance Fund ഉപയോഗിച്ച് റവന്യു ചെലവുകൾക്കായി പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും Income & Expenditure Statement I-14(E) Maintenance Project ഹെഡ്ഡിൽ ചെലവ് കാണിച്ചിട്ടില്ല.

1-1-6 ഡിപ്രിസിയേഷനും ആസ്തി വിവരങ്ങളും തമ്മിൽ പൊരുത്തക്കേട്

ബി – 11(a) ഷെഡ്യൂളിൽ 416100110 ശീർഷകത്തിൽ 1,18,53,002/-രൂപ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് അധികരിച്ച ആസ്തി മൂല്യം ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ചെക്കുകൾ കളക്ഷനായില്ല-വരവ് നഷ്ടം

കേരള ഗ്രാമീൺ ബേങ്കിന്റെ തനത് ഫണ്ട് അക്കൗണ്ടിലെ (A/C No.40232100109067. Cheekkonnu Branch) 3/2025-ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ വരവിനങ്ങളിലായി ലഭിച്ച 3 ചെക്കുകൾ (ആകെ തുക 16250/-) നാളിതുവരെ കളക്ഷനായി അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വിശദ വിവരങ്ങൾ ഖണ്ഡിക 1-9 ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-8 സി.എഫ്.സി-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ആയത് നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ഗ്രാന്റ് (Tied + Un-Tied) ഇനത്തിൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള ആകെ ബാലൻസ് തുക 1,48,32,404/-രൂപയാണ്. ബി-17 പ്രകാരം പ്രസ്തുത തുകയ്ക്കുള്ള ബേങ്ക് അക്കൗണ്ടിൽ ബാലൻസ് തുക 1,49,91,622/-രൂപയാണ്. നീക്കിയിരിപ്പ് തുകകൾ തമ്മിൽ 1,59,218/-രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

1-1-9 കെട്ടിടവാടക കളക്ഷൻ തുകകളിൽ വ്യത്യാസം

Rent From Buildings (130100101) ഇനത്തിൽ ഡിമാന്റ് തുക 1,40,432/-രൂപയാണ്. Receipt & Payment പ്രകാരം ഈയിനത്തിൽ കളക്ഷൻ തുക 1,38,432/-രൂപയാണ്. ഈയിനത്തിൽ ലഭ്യമാകാനുള്ള ബാലൻസ് തുക 2,000/-രൂപ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ഇ-ടെണ്ടർ ഫീ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക നിലവിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് (SBI Cheekkonnu Branch. A/C Number-40440238070) വരവ് വെക്കുന്നത്. 31.03.2025-ന് മേൽ അക്കൗണ്ടിൽ 6,68,098/-രൂപ നീക്കിയിരിപ്പുണ്ട്. ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള വിഹിതം ഡിമാന്റ് ചെയ്ത് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ൽ ഉൾപ്പെടുത്തിയിട്ടില്ല.

(കുറിപ്പ്- ഓഡിറ്റ് വേളയിൽ വാർഷിക കണക്കിൽ സാരമായ അപാകങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് വാർഷിക കണക്കുകൾ തിരിച്ചയക്കുകയും ഓഡിറ്റ് പൂർത്തിയാകുന്നതിന് മുമ്പെ തന്നെ അപാകങ്ങൾ പരിഹരിച്ച് വാർഷിക കണക്കുകൾ പുന:സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പുന:സമർപ്പിക്കപ്പെട്ട വാർഷിക കണക്കുകൾ പരിശോധിച്ചാണ് ഈ ഓഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കിയിരിക്കുന്നത്)

1-2 ബജറ്റ്

31.01.2024 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 17.03.2025 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് – ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

	2024-25 ബജറ്റ് പ്രകാരം	2024-25 പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	5920961	10579601
പ്രതീക്ഷിത വരവ്	451456145	279724014
ആകെ	457377106	290303615
പ്രതീക്ഷിത ചെലവ്	452200600	280402180
നീക്കിയിരിപ്പ്	5176506	9901435

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	33670773
വരവ്	61359173
ആകെ	**95029946**
ചെലവ്	57256534
നീക്കിയിരിപ്പ്	37773412

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	24848000	24848000	24848000	0
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	992000	992000	992000	
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	466000	466000	466000	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	36276000	36276000	34706623	1569377
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)			5259000	5259000	4461922	797078
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ്	ട്രഷറി	0	60819	610819	121638	-60819
	ബാങ്ക്	2865035	9168000	12033035	6676712	5356323
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺ ടൈഡ്	ട്രഷറി	0	34372	34372	0	34372
	ബാങ്ക്	9160430	4639974	13800404	4324323	9476081

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ട്രഷറി ഇനത്തിൽ രേഖപ്പെടുത്തിയ വരവ് തുക 60,819/-രൂപയാണ്. ഈയിനത്തിൽ ചെലവ് തുക 1,21,638 /- രൂപയാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
246	198002585	181	103328485	65	74%

1-6 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 15.10.2025ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,398/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 വസ്തു നികുതി പരിഷ്കരണം പൂർണ്ണമായില്ല

വസ്തുനികുതി പരിഷ്ക്കകരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ പ്രകാരമുള്ള കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി സിവിൽ ഡിപ്ലോമ, ITI ഡ്രാഫ്റ്റ്മാൻ സിവിൽ, ITI സർവ്വെയർ എന്നീ യോഗ്യതകൾ ഉള്ളവരെ നിയോഗിച്ച് കൊണ്ട് പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധനാ നടപടികളും ജി.ഐ.എസ് മാപ്പിംഗ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/24-25, തീയതി 18.10.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നരിപ്പറ്റ ഗ്രാമ പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പ്രകാരം 15-05-2023-ലെ പഞ്ചായത്ത് ഭരണ സമിതി 11/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ അടിസ്ഥാന വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം 05-06-2023-ലെ പ്രധാനപ്പെട്ട പത്രങ്ങളിൽ വന്ന പരസ്യം പ്രകാരം നിശ്ചിത യോഗ്യതയുള്ള 17 പേരെ ഫീൽഡ് തല സർവ്വെയ്ക്ക് നിയമിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളിലെ കൂട്ടിചേർക്കലുകൾ. അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അധിക നിർമ്മാണം നടത്തിയ 781 വാസഗൃഹ കെട്ടിട ഉടമകൾക്ക് ഒന്നാംഘട്ട നോട്ടീസ് നൽകുകയും, ഹാജരാക്കിയ 291 എണ്ണം ക്രമവൽക്കരണ ഫീസ് ഈടാക്കി വസ്തുനികുതി പുനർനിർണയം നടത്തുകയും ചെയ്തിട്ടുണ്ട്. ഹാജരാക്കാത്തവർക്ക് രണ്ടാംഘട്ട നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഭൂവിവര സർവ്വെ നടത്തിയിട്ടില്ല. എന്നീ വിവരങ്ങൾ മേൽ മറുപടി പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന കെട്ടിടങ്ങളുടെയും നികുതി പുനർ നിർണയിച്ച് അറിയിക്കേണ്ടതാണ്.

1-8 വാണിജ്യ കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൗകര്യം ഇല്ലാതെ ഒക്യുപെൻസി അനുവദിക്കുകയും വസ്തു നികുതി കുറവായി

നിർണയിക്കുകയും ചെയ്തു

ഗ്രാമപഞ്ചായത്തിൽ പദ്മരാജൻ, ജയശങ്കർ എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 28/03/2024 ന് SC3-BA(112469) നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കെട്ടിട നമ്പർ	522 A മുതൽ 522 N വരെ
ബിൽറ്റ് അപ് ഏരിയ	522.51 ച.മീ
ബിൽറ്റ് അപ് ഏരിയ (Existing)	48.40 ച.മീ
ആകെ ബിൽറ്റ് അപ് ഏരിയ	570.91 ച.മീ
തറ വിസ്തീർണം	470.69 ച.മീ

2019-ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം 1200 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 90 ചതുരശ്ര മീറ്ററിന് ഒന്ന് എന്ന നിരക്കിലും അതിൽ കവിഞ്ഞുള്ളതിന് 60 ചതുരശ്ര മീറ്ററിന് ഒന്ന് എന്ന നിരക്കിലും പാർക്കിംഗ് ഒരുക്കേണ്ടതാണ്.

കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 470.69 ച.മീ ആണ്. അതായത് 470.69 ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 5 കാർ പാർക്കിംഗ് 2.7m X 5.5m അളവിലും 1 ഭിന്നശേഷി കാർ പാർക്കിംഗ് 3.5m X 5.5m അളവിലും സ്ഥലം ഒരുക്കേണ്ടതാണ്. ഇവ അംഗീകരിച്ച പാർക്കിംഗ്, സൈറ്റ് കംപ്ലീഷൻ പ്ലാനുകളിൽ കാണിച്ചിട്ടുണ്ട്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 22.10.2025ന് നടത്തിയ സ്ഥല പരിശോധനയിൽ പാർക്കിംഗ് പ്ലാനിൽ കെട്ടിടത്തിൽ ഭിന്നശേഷി കാർ പാർക്കിംഗ് ഏരിയ ആയി കാണിച്ച സ്ഥലത്ത് ഫർണിച്ചർ ഷോപ്പ് പ്രവർത്തിക്കുന്നതായി കണ്ടെത്തി. സൈറ്റ് പ്ലാനിൽ കെട്ടിടത്തിന്റെ ഇടത് വശത്തായി 6.71 മീറ്റർ വീതി 19 മീറ്റർ നീളത്തിൽ പ്ലോട്ടുണ്ട്. പാർക്കിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇടത് വശത്ത് കെട്ടിടത്തോട് ചേർന്ന് ഒരു കാർ പാർക്കിംങ് ഏരിയയും കെട്ടിടത്തോട് 3 മീ വിട്ട് മറ്റൊരു കാർ പാർക്കിംങ് ഏരിയയും 2 M X 4 M വിസ്തീർണ്ണത്തിൽ ബൈക്ക് പാർക്കിംഗും കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ ഇടത് വശത്ത 3.7 മീറ്റർ വീതിയിലുള്ള ഏരിയയിലെ സ്ഥലം മാത്രമേ നിരപ്പാക്കിയിട്ടുള്ളു എന്ന് വ്യക്തമായിട്ടുണ്ട്. സൈറ്റ് പ്ലാനിൽ കാണിച്ചത് പ്രകാരമുള്ള കെട്ടിടത്തിൽ നിന്നും വീട്ട നിൽക്കുന്ന കാർ പാർക്കിംഗ് ഏരിയ, ബൈക്ക് പാർക്കിംഗ് ഏരിയ എന്നിവയ്ക്കുള്ള സൗകര്യം സ്ഥലം നിരപ്പാക്കി ഒരുക്കിയിട്ടില്ല. കൂടാതെ കെട്ടിടത്തിന്റെ ഇടത് വശത്ത് നിരപ്പാക്കിയ 3.7 മീറ്റർ വീതിയിലുള്ള ഏരിയ സിമന്റ് കട്ട കൊണ്ട് കെട്ടി പുറത്തുനിന്നുള്ള പ്രവേശനം തടഞ്ഞിരിക്കുകയാണ്. ആയതിനാൽ കെട്ടിടത്തിന്റെ ഇടത് വശത്തു നിന്നും പ്രവേശിച്ചുകൊണ്ടുള്ള പാർക്കിംഗ് ഒന്നും തന്നെ സാധ്യമല്ല. നിലവിൽ കെട്ടിടത്തിൽ 3 കാർ പാർക്കിംഗിനുള്ള സൗകര്യം മാത്രമേ ഒരുക്കിയിട്ടുള്ളൂ. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/23.10.2025) മറുപടി ലഭ്യമായി. ഡിസേബ്ൾഡ് പാർക്കിംഗ് കാണിച്ചിരിക്കുന്ന സ്ഥലത്ത് ഫർണിച്ചർ ഷോപ്പ് പ്രവർത്തിക്കുന്നത് ചുമരുകളോ മറ്റു കെട്ടിടങ്ങളോ നിർമ്മിക്കാത്തതിനാൽ ആ ഏരിയ ഡിസേബ്ൾഡ് പാർക്കിംഗ് കാണിച്ച ക്ലിയർ ചെയ്യാൻ നിർദേശിച്ചിട്ടുണ്ടെന്നും നിലവിൽ കെട്ടിടത്തിന്റെ പുറകുവശവും ഇടത് വശവും ഇതേ ഉടമസ്ഥന്റെ പ്ലോട്ട് ആയതിനാൽ ഒക്യുപെൻസി സമയത്ത് അത് ക്ലിയർ ചെയ്യാൻ ഉടമയോട് നിർദേശിച്ചിട്ടുണ്ടെന്നും ഉടമസ്ഥൻ അത ക്ലിയർ ചെയ്തില്ലെന്നും ഓഡിറ്റ് സ്ഥല പരിശോധന നടത്തിയ ദിവസം തന്നെ ക്ലിയർ ചെയ്യാൻ ആവശ്യപ്പെടുകയും തൊട്ടടുത്ത ദിവസം തന്നെ ഉടമ അത് ക്ലിയർ ചെയ്ത് പാർക്കിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സൈറ്റ് പരിശോധിച്ച് പാർക്കിംഗിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ ഒക്യുപെൻസി അനുവദിച്ചതെന്ന് വ്യക്തമാണ്. പാർക്കിംഗിന് മതിയായ സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് അടുത്ത ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്.

1-9 ചെക്കുകൾ കളക്ഷനായില്ല - വരവ് നഷ്ടം

കേരള ഗ്രാമീൺ ബേങ്കിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (A/C No. 40232100109067.Cheekkonnu Branch) ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന ചെക്കുകൾ

നാളിതുവരെ പണമായി അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ചെക്ക് നം/തീയതി	തുക
1	038428/01.02.2021	6250
2	038429/05.02.2021	1250
3	2054858/19.03.2018	8750
	ആകെ തുക	**16250**

അപാകം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.7/24-25 തീയതി – 23.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ ചേർത്ത ചെക്കുകൾ പരിശോധിച്ച് ആയവ ഏത് വരവിനങ്ങളിൽ ഉൾപ്പെട്ടതാണെന്ന് കണ്ടെത്തി ആയത് വരവ് നഷ്ടമായി കണക്കാക്കി പ്രസ്തുത വരവ് തുക പിഴയും പലിശയും സഹിതം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ/വ്യക്തികളിൽ/ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 11,788/- രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു

പ്രൊജക്ട്നം./ പേര	100/25, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	50,000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	50,000/- (നം.451 /25-01-2025)
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പ്രൊജക്ട് പ്രകാരം നരിപ്പറ്റ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 50,000/-രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി (ഓഡിറ്റ് തീയതിയായ 14.10.2025 വരെ) 38,212/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 06/10/2025 ന് മാനേജിംഗ് ഡയറക്ടർക്ക് കത്ത് അയച്ചെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല. അപാകങ്ങൾക്കുള്ള മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 3/18-10-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള മരുന്നുകൾ (11,788/- രൂപയുടെ) ഹോംകോയിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്. ആയതുവരെ ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 11,788/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-11 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -ഹാജരാക്കിയ രേഖകൾ പൂർണ്ണമല്ല

പ്രൊജക്ട്നം./ പേര	17/25, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്
അടങ്കൽ	9,00,000/- (പൊതുവിഭാഗം - 3,50,000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-

	3,50,000/-, ജില്ലാ പഞ്ചായത്ത് വിഹിതം- 2,00,000/-)
ചെലവ്	3,89,413/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2,49,413/- ബിൽ.നം.451/25-01-2025, ജില്ലാ പഞ്ചായത്ത് വിഹിതം- 1,40,000/- ബിൽ.നം.451 /25-01-2025)
നിർവഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്ന 1 ലിറ്റർ പാലിന് 3 രൂപ പ്രകാരം സബ്സിഡി തുക കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നതാണ് പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കിയ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയിൽ (പദ്ധതി നം.17/25) സബ്സിഡി നൽകിയ രേഖകൾ ഹാജരാക്കിയതിൽ ഭരണ സമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. കൂടാതെ (ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 2,49,413/- (ബിൽ.നം.451/25-01-2025) രൂപ നൽകിയ ബില്ല് സമർപ്പിച്ചിട്ടുണ്ടെങ്കിലും വിവിധ ക്ഷീരസംഘത്തിൽ നിന്നും പാൽ അളന്നതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2/18.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

1-12 ഐ ഇ സി ബോർഡുകൾ സ്ഥാപിക്കൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട്നം./ പേര	So-154/25, ഐ ഇ സി ബോർഡുകൾ സ്ഥാപിക്കൽ
അടങ്കൽ	1,00,000/- തനത് ഫണ്ട്
ചെലവ്	1,00,000/- (ബിൽ.നം.266/24-08-2024)
നിർവഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി ഐ.ഇ.സി ബോർഡുകൾ സ്ഥാപിക്കൽ എന്ന പ്രൊജക്ടിന്റെ വാങ്ങൽ നടപടികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യുർമെന്റ് മാർഗരേഖ (സ. ഉ (പി) നം. 259/2010/ത.സ്വ.ഭ.വ, തീയതി 08.11.2010) പാലിച്ചിട്ടില്ല. പ്രൊക്യുർമെന്റ് മാർഗരേഖയിൽ സാധനങ്ങളുടെ സമാഹരണ രീതി (3,എ),4) പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങളുടെ വാങ്ങലിന് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ 29/07/2023-ലെ പ്രൊക്യുർമെന്റ് കമ്മിറ്റി മീറ്റിംഗിൽ പ്രൊജക്ടിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചത്.

പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയതിൽ ഈ വാങ്ങലുമായി ബന്ധപ്പെട്ട ക്വട്ടേഷൻ നോട്ടീസ് ഹാജരാക്കിയിട്ടില്ല. 4 സ്ഥാപനങ്ങളിൽ നിന്നുള്ള ക്വട്ടേഷനുകളും അവയിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ആളുമായുള്ള എഗ്രിമെന്റും 20 ഐ.ഇ.സി ബോർഡുകളുടെ ഓവർസിയർ സാക്ഷ്യപ്പെടുത്തിയ വാല്യേഷൻ സർട്ടിഫിക്കറ്റുമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രൊക്യുർമെന്റ് മാർഗരേഖ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ്

അന്വേഷണ കുറിപ്പിന് (നം.8/23.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും അപാകത്തിന് വിശദീകരണം നൽകേണ്ടതുമാണ്.

1-13 സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രൊജക്ട് നം, പ്രൊജക്ട്	ചെലവു തുക, ഫണ്ട്, ബിൽ നമ്പർ	കൈപ്പറ്റിയ സ്ഥാപനം
1	147/25, എടോനിപ്പാലം നിർമ്മാണം - ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ	20,00,000 – വികസന ഫണ്ട് - പൊതു വിഭാഗം - ബിൽ നമ്പർ - 408 തീയതി 01.01.2025	ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
2	7/25, അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - വിഹിതം നൽകൽ	75,000 – വികസന ഫണ്ട് - പൊതു വിഭാഗം - ബിൽ നമ്പർ - 1045 തീയതി 17.03.2025 25,000 - തനത് ഫണ്ട് - വൗച്ചർ നമ്പർ 22401194, തീയതി 21.03.2025 **ആകെ - 1,00,000**	ജില്ലാ പഞ്ചായത്ത്, കോഴിക്കോട്
	ആകെ	**21,00,000**	

മേൽ പ്രകാരം കൈമാറിയ തുകകളുടെ പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 4/2024-25 തീയതി 23.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 21,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-14 റോഡുകളുടെ നിർമ്മിതി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷം നിർവഹണം നടത്തിയ എല്ലാ പുതിയ റോഡ് പ്രവൃത്തികളും നിർവഹിച്ചിരിക്കുന്നത് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	പ്രൊജക്ട്	ചെലവു തുക
1	മുള്ളമ്പത്ത് വാരിപ്പൊയിൽ റോഡ്	684931

2	മണ്ണിയൂർ താഴെറോഡ്	1572113

ഈ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ പേവിംഗ് ഇനം മിക്സഡ് സീൽ സർഫസ്(മാനുവൽ മീൻസ്) ആണ്. മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനമാണിത്. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 509 (Item Number 509) അടിസ്ഥാനപ്പെടുത്തിയാണ് ഇത് തയ്യാറാക്കിയതെന്ന് ഡാറ്റാബുക്കിൽ നിന്നും വ്യക്തമാകുന്നു. 20 Mm സെമി ഡെൻസ് ബിറ്റുമിനസ് കോൺക്രീറ്റ് പേവിംഗ് നിർമ്മിതി പ്രതിപാദിക്കുന്ന ഇനമാണിത്. MSS പോലെ തന്നെ ഇതിന്റെ സ്പ്രെഡ്ഡിംഗും(Material Spreading Or Laying) നിർവഹിക്കേണ്ടത് മെക്കാനിക്കൽ പേവർ (Self Propelled Hydraulic Paving Machine) ഉപയോഗിച്ചാണെന്ന് ഇനം 509.5.4.3 വ്യക്തമാക്കുന്നു. എന്നാൽ റോഡിന്റെ നിർമ്മിതിയിൽ എവിടെയെങ്കിലും മെക്കാനിക്കൽ പേവർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത വിധം സ്ഥലപരമായ പരിമിതികളോ, ഇടുങ്ങിയ വീതിയോ (Narrow Width) ഉണ്ടെങ്കിൽ, അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പരിശീലനം സിദ്ധിച്ച തൊഴിലാളികളെ ഉപയോഗിച്ച് സ്പ്രെഡ്ഡിംഗ് നടത്താമെന്ന് ഇതേ ഇനത്തിന്റെ അവസാന ഭാഗത്ത് പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനാണ് മോർഡ് ഡാറ്റാ ബുക്കിലെ 5.11 നമ്പർ ഇനം തയ്യാറാക്കിയതെന്ന് മേല്പറഞ്ഞ വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ പഞ്ചായത്തിലെ മേല്പറഞ്ഞ റോഡുകൾ പൂർണ്ണമായും ബിറ്റുമിൻ പേവിംഗ് നടത്തിയിരിക്കുന്നത് ഈ ഇനം ഉപയോഗപ്പെടുത്തിയാണ്. ആവശ്യത്തിന് മെറ്റീരിയൽ ഇത്തരത്തിലുള്ള അശാസ്ത്രീയ നിർമ്മിതിയിൽ ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ റോഡിന്റെ ആയുസ്സിനെയും (Durability), നിമ്നോന്നതയുടെ (Undulations) ടോളറൻസ്(tolerance) പരിമിതമാണെന്ന് ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ ഗുണമേന്മയേയും ഈ നിർമ്മിതി പ്രതികൂലമായി ബാധിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. യഥാർത്ഥത്തിലുള്ള മിക്സഡ് സീൽ സർഫസിംഗ് (MSS Mechnical) രീതി ഗ്രാമപഞ്ചായത്തുകളിലെ റോഡുകളിൽ അവലംബിക്കാത്തതിന് കാരണമായി ഉയർത്തിക്കാട്ടപ്പെടുന്നത് പഞ്ചായത്തുകളിലെ ചെറിയ റോഡുകളിൽ പേവർ ഉപയോഗിക്കാൻ കഴിയാത്തതാണെന്നതാണ്. ഈ വാദം ഓഡിറ്റ് അംഗീകരിക്കുന്നില്ല. മോർഡ് സ്പെസിഫിക്കേഷൻ ഇനം 509.5.4.3ൽ മെക്കാനിക്കൽ പേവർ, IRC 27 പ്രകാരമുള്ള അത്യാവശ്യ കാര്യങ്ങളുള്ള (Essential Features) വയായിരിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ട്. IRC 27-2009 (Specifications For Bituminous Macadam) അനുബന്ധം A ഖണ്ഡിക E (H)ൽ പേവർ മെഷീൻ 2.5 മീറ്റർ മുതൽ 4 മീറ്റർ വരേയോ 4 മീറ്റർ മുതൽ 7 മീറ്റർ വരേയോ വീതിയിൽ മെറ്റീരിയൽ വിരിക്കാൻ കഴിവുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

ഈ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ റോഡുകളിൽ മിക്സഡ് സീൽ സർഫസിംഗ് (മെക്കാനിക്കൽ) ഉപയോഗപ്പെടുത്താതെ മിക്സഡ് സീൽ സർഫസിംഗ് മാനുവൽ രീതി അവലംബിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. റോഡുകളുടെ നിർമ്മിതിയിൽ കുറഞ്ഞ ചെലവും ഗുണമേന്മയും മുൻ നിർത്തി MSS (മെക്കാനിക്കൽ) രീതി അവലംബിക്കേണ്ടതാണ്.

മുൻ വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകൾ പ്രകാരമുള്ള റോഡ് പേവിംഗ് പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നത് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റ് ഇനം ഉപയോഗിച്ചാണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക്

ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മിക്സഡ് സീൽ സർഫസിംഗും (MSS) മറ്റൊന്ന് 20mm പ്രീ മിക്സഡ് ചിപ്പിംഗ് കാർപ്പെറ്റുമാണ്. രണ്ടാമത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ ആദ്യത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20 Mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20 Mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീൽകോട്ടുമാണ്. എന്നാൽ MSS (Mixed Seal Surfacing) സീൽകോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. 20 Mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്കെയറിന് ഏകദേശം 32% അധിക ചെലവ് വരുന്നുണ്ടെന്ന് കാണുന്നു.

മിക്സഡ് സീൽ സർഫസ് (MSS)എന്ന ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്ക ണമെന്നതാണ്(മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക). എന്നാൽ 20 Mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്ന തരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations), മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത (Undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാനവൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരമാവധി +10 Mm നും -10 Mm നും ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത (Undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാനവലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mm നും -10 Mm നും ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാനവൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളുടെ നിർമ്മിതിയിൽ അവലംബിക്കേണ്ടത്

അത്യാവശ്യമാണെന്ന് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.15/25/23.10.25) മറുപടി നൽകിയിട്ടില്ല. റോഡ് പ്രവൃത്തികളിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-15 പ്രൊജക്ടുകളുടെ ആധിക്യം- നിരവധി മരാമത്ത് പദ്ധതികൾ സ്പിൽ ഓവറായി മാറുന്നു

പദ്ധതി വർഷം ബ്ലോക്ക് പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികളുടെ ആധിക്യം കാരണം നിരവധി പദ്ധതികൾ സ്പിൽ ഓവർ ആകുന്ന പ്രവണത കാണുന്നു. 57 പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 31 എണ്ണത്തിന് മാത്രമേ തുക ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 71 സ്പിൽ ഓവർ പദ്ധതികളുണ്ടായിരുന്നതിൽ 53 എണ്ണം മാത്രമേ പൂർത്തിയായിട്ടുള്ളൂ.

സ.ഉ(കൈ)നം.84/2022 ത.സ്വ.ഭ.വ. തീയതി 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ.ഖ. 2-4-(8) ൽ വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന നിർദ്ദേശം പരിഗണിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുകൊണ്ട് തന്നെ നിരവധി പദ്ധതികൾ സ്പിൽ ഓവർ ആകുകയും പദ്ധതിപ്പണം നഷ്ടമാവുകയും ചെയ്യുന്നുണ്ട്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.07/25/14.10.2025) മറുപടി നൽകിയിട്ടില്ല. പദ്ധതികളുടെ എണ്ണം കുറച്ച് ഓരോ വർഷവും രൂപീകരിക്കുന്ന പദ്ധതികൾ അതാത് വർഷം പൂർത്തിയാക്കുന്നു എന്ന് ഉറപ്പു വരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 ജലജീവൻ പദ്ധതി - മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കിയില്ല

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും 2024 വർഷത്തോടെ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് 2020 ൽ ആരംഭിച്ച പദ്ധതിയാണ് ജൽ ജീവൻ മിഷൻ. കേന്ദ്ര സർക്കാരിന്റെ മാർഗനിർദ്ദേശമനുസരിച്ച് കേന്ദ്ര സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ് വഹിക്കേണ്ടത്. സ.ഉ.(കൈ) നം.37/2020/ ജ.വി.വ തീയതി 08.06.2020 പ്രകാരം 2020-21 വർഷത്തേക്ക് 880 കോടി രൂപ അടങ്കലിൽ ജൽ ജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10% ഗുണഭോക്ത്യവിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 2020-21 വർഷം പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	പദ്ധതിക്ക് ആകെ	ത.സ്വ.ഭ.വ വിഹിതം	ഗുണഭോക്ത്യ വിഹിതം	ഗ്രാമപഞ്ചായത്ത് കൈമാറിയ തുക

	ആവശ്യമായ തുക			ത.സ്വ.ഭ.വ വിഹിതം	ഗുണഭോക്തൃ വിഹിതം
2020-21	23 കോടി	2.3കോടി	3.45കോടി	0	0

നിലവിൽ 4370 കുടിവെള്ള കണക്ഷനുകളുടെ പ്രവൃത്തി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. നരിപ്പറ്റ വില്ലേജിൽ മുഴുവൻ ഗുണഭോക്താക്കൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്. തിനൂർ വില്ലേജിൽ പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ജല അതോറിറ്റിക്ക് തുകയൊന്നും കൈമാറിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുകയൊന്നും പിരിച്ചെടുത്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വിഹിതമായി വലിയൊരു തുക വകയിരുത്താൻ സാധിക്കാത്തതിനാൽ തുക കൈമാറുന്നതിനുള്ള പ്രൊജക്ട് രൂപീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 എസ്.എസ്.കെ പദ്ധതി നിർവഹണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം കുറവ്

എസ്.എസ്.കെ പദ്ധതി വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം	ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം.	11/25
അടങ്കൽ	200000
ഫണ്ട്	വികസന ഫണ്ട്
ചെലവ്	200000
ബിൽ നമ്പർ തീയതി	352/25/07.03.25

എസ്.എസ്.കെ ജില്ലാ പ്രൊജക്ട് കോ-ഓഡിനേറ്ററുടെ ബി.1247/2024/SSK/26.06.2024 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുമായി ബന്ധപ്പെട്ട് എസ്.എസ്.കെ ഗ്രാമപഞ്ചായത്തിന്റെ വിഹിതം ഇനത്തിൽ ആവശ്യപ്പെട്ടത് പ്രകാരമാണ് മേൽ തുക അടവാക്കിയിട്ടുള്ളത്.

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ. തീയതി 19.04.2022 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 8.6.(4)ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പദ്ധതിക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രൊജക്ട് ഓഫീസർ അറിയിക്കണം. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പുവരുത്തണം. എന്നാൽ ഇത്തരത്തിലുള്ള പങ്കാളിത്ത പ്രവർത്തനങ്ങൾ ഈ മേഖലയിലെ പദ്ധതിയിൽ ഉണ്ടായിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്താതെ തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്

(നം.12/25/23.10.25) മറുപടി നൽകിയിട്ടില്ല. എസ്.എസ്.കെ പദ്ധതി നിർവഹണത്തിൽ ഗ്രാമപഞ്ചായത്തിന്റെ സജീവമായ ഇടപെടൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 ഇ-ടെൻഡർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

പൊതുമരാമത്ത് പദ്ധതികളുടെ ഇ – ടെൻഡർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകകൾ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്.ബി.ഐ ചീക്കോന്ന് ശാഖയിലെ 40440238070 നമ്പർ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ 31.03.2025-ലെ ബാലൻസ് 6,68,098/- രൂപയാണ്. ഇത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.11/25/23.10.2025) മറുപടി നൽകിയിട്ടില്ല. ഇ–ടെൻഡർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക തനത് ഫണ്ടിലേക്ക് കൈമാറി അറിയിക്കേണ്ടതാണ്.

1-19 ആടു വളർത്തൽ പദ്ധതി (വനിത) നിർവഹണത്തിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വനിതാ ഗുണഭോക്താക്കൾക്ക് പെണ്ണാട് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം	വെറ്ററിനറി സർജൻ
പ്രോജക്ട് നം.	141/25
അടങ്കൽ	130000/-
ഫണ്ട്	വികസന ഫണ്ട്
ചെലവ്	130000/-
ബിൽനം. തി.	05/9.05.24

13 വനിതകൾക്ക് രണ്ട് പെണ്ണാടുകളെ വീതം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഓരോ ആടുകൾക്കും 5,000/-രൂപ വീതം ആകെ 10,000/-രൂപയാണ് സബ്സിഡി നൽകിയത്.

സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരമുള്ള സബ്സിഡി സംബന്ധിച്ച മാർഗ്ഗരേഖ ഖ. 6-3-3 ൽ ഗുണഭോക്താക്കൾ വാങ്ങുന്ന ആടുകൾക്ക് 12 കിലോ ഭാരം എങ്കിലും ഉള്ളവയായിരിക്കണം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വാങ്ങിയ ആടുകളുടെ ഭാരം നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു വയസ്സിന് മുകളിൽ പ്രായമുള്ള ആടുകളുടെ വിലയായി ജില്ലാ തല യൂണിറ്റ് കോസ്റ്റ് കിലോയ്ക്ക് 550/-രൂപയും, ഒരു വയസ്സിന് താഴെ പ്രായമുള്ളവയ്ക്ക് 600/-രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ആടുകളുടെ പ്രായം വെറ്ററിനറി സർജൻ സാക്ഷ്യപ്പടുത്തിയതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.10/25/23.10.25) മറുപടി നൽകിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ സബ്സിഡി നൽകുന്നത് ശരിയായ നടപടിയല്ല. അപാകങ്ങൾക്ക് തൃപ്തികരമായ മറുപടി സമർപ്പിക്കേണ്ടതാണ്.

1-20 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ്- പദ്ധതി നടപ്പാക്കിയില്ല

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ന് നടന്ന യോഗത്തിലെ 4.11 നമ്പർ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി Kerala State Remote Sensing And Enviornment Centre തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും R-Track Mobile Application ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കേണ്ടത്. ഇതിനായി രൂപീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണം	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്ട് നം.	197/25
അടങ്കൽ	51000/-
ഫണ്ട്	തനത് ഫണ്ട്

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സർവ്വെ നടത്തുന്നതിനാണ് മേൽ തുക ചെലവഴിക്കേണ്ടത്. ഇതിനായി സർവ്വെ നടത്തുന്നതിന് യോഗ്യതയുള്ളവരെ നിയോഗിച്ച് വേതനം നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.09/25/23.10.25) മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-21 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മാർഗരേഖയുടെ നമ്പർ, തീയതി

1	G.O(Rt) No. 2132/2022/LSGD Dated 31.08.2022
2	G.O(Rt) No. 2156/2022/LSGD Dated 01.09.2022
3	G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies)
4	G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies)
5	Circular No. FM3/138/2023/LSGD Dated 23.05.2023
6	G.O(Rt) No. 1625/2023/LSGD Dated 09.08.2023

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമനം	സ്കീം & പ്രൊജക്റ്റ്	21-22	22-23	23-24	24-25	ആകെ	ആകെ ചെലവഴിച്ച തുക	നീക്കിയിരിപ്പ്
1	(Scheme-3) - ഡയ ഗ്നോസ്റ്റിക്	0	236447	930000	388000	1554447	1166139	388308
2	(Scheme-4) - ഹെൽത്ത് & വെൽനെസ്	0	110000	389000	619000	1118000	499000	619000
	ആകെ		**346447**	**1319000**	**1007000**	**2672447**	**1665139**	**1007308**

(നോട്ട്- സ്കൂീം-1 പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ തുക ലഭ്യമായിട്ടില്ല)

സ്കീം 3,4 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികളുടെ നിലവിലെ വിവരം ചുവടെ കൊടുക്കുന്നു.

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പിലാക്കിയ പദ്ധതികൾ

ക്രമനം	വർഷം	പ്രൊജക്ട് നം.	പദ്ധതി	അടങ്കൽ തുക ₹	ചെലവ് തുക ₹
1	2022-23	(169/22-23)	കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗനിർണയ സൗകര്യങ്ങളുടെ വിപുലീകരണം	236447	210439
2	2023-24	(190/23-24 - SO)	കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗനിർണയ സൗകര്യങ്ങളുടെ വിപുലീകരണം	26008	26008
3	2024-25	(231/23-24)	കുടുംബാരോഗ്യ കേന്ദ്രത്തിലും ജനകീയ ആരോഗ്യകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	930000	745074
4	2024-25	(263/24-25-	കുടുംബാരോഗ്യ	184926	184618

		SO)	കേന്ദ്രത്ത്ിലും ജനക്ിയ ആരോഗ്യകേന്ദ്രങ്ങളിലും രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ		

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ

ക്രമനം	വർഷം	പ്രോജ.നം	പദ്ധതി	അടങ്കൽ തുക ₹	ചെലവ് തുക ₹
1	2023-24	(189/23-24)	ആരോഗ്യ സ്വസ്ഥ്യ പ്രവർത്തനങ്ങൾ	110000	110000
2	2023-24	(232/23-24)	സാമൂഹ്യ സ്വസ്ഥ്യ പ്രവർത്തനങ്ങൾ	389000	263975
3	2024-25	(264/24-25-SO)	സാമൂഹ്യ സ്വസ്ഥ്യ പ്രവർത്തനങ്ങൾ	125025	125025

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ (50749/-) ഉൾപ്പെടെ 10,58,057/-രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കേരള ഗ്രാമീൺ ബാങ്കിന്റെ ചീക്കോന്ന് ശാഖയിൽ താഴെപ്പറയും പ്രകാരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

ഇനം	അക്കൗണ്ട് നം.
സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	40232101088139
സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	40232101088157

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവഹിക്കുന്നത്. രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറാണ് നിർവഹിക്കുന്നത്. 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 10 പ്രൊജക്ടുകൾ

വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും 8 പദ്ധതികളിൽ മാത്രമാണ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തുന്നത് ഉപകാരപ്രദമാവുന്നതാണ്. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രൊജക്ടുകൾക്ക് രൂപം നൽകുന്നതിന് ടി നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രൊജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
18	100500	100500	ഇല്ല	ഇല്ല

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ **)**

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല					

3) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല				

4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)***	തുക		
ഇല്ല					

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	21.10.2025 – 22.10.2025	ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊന്നിച്ച് പുറപ്പെടുവിച്ചു

4-3 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	119/2024-25 സ്വാന്തന പരിചരണം	100000	0
	2024-25	60000	167/2024-25 (SO) ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം	60000	
	2024-25	760000	138/2024-25 (SO) ലൈഫ് ഭവന പദ്ധതി	760000	
	2024-25	150000	81/2024-25 ലൈഫ് ഭവന പദ്ധതി	150000	
	2024-25	720000	81/2024-25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	720000	
	2024-25	330863	206/2024-25 ശുചിത്വ സമുച്ചയം നിർമ്മാണം	330863	
	2024-25	408230	133/2024-25 (SO) ക്രാഡിൽ പദ്ധതി - കമ്മായി അങ്കണവാടി കെട്ടിട നിർമ്മാണം	408230	
	2024-25	249413	17/2024-25 ക്ഷീര കർഷകർക്ക്	249413	

			പാല്‌ിന് ഇൻസെന്റീവ്		
ജില്ലാ പഞ്ചായത്ത്	2024-25	2715000	81/2024-25 ലൈഫ് ഭവന പദ്ധതി	2715000	
	2024-25	240000	27/2024-25 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	240000	
	2024-25	322312	222/2024-25 മോഡൽ അങ്കണവാടി തനൂർ	322312	0
	2024-25	140000	17/2024-25 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്	140000	
	2024-25	1500000	133/2024-25 (SO) ക്രാഡിൽ പദ്ധതി കമ്മായി അങ്കണവാടി കെട്ടിട നിർമ്മാണം	1500000	0
	2024-25	100000	18/2024-25 കാലിത്തീറ്റ സബ്സിഡി	100000	

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 74,39,642/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവനപദ്ധതി വായ്പ(കെ.യു.ആർ.ഡി.എഫ്.സി)	സ.ഉ(എം.എസ്) 68/2018ത സ്വഭവ തിയ്യതി-18.08.2018	7439642	17473974	2269355		22644261

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	3035096
തൻവർഷം നിക്ഷേപിച്ച തുക	257984
ആകെ	3293080
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	3293080

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമനം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	റിമാർക്സ്
1	കക്കട്ടിൽ കോ-ഓപറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ് (FD Receipt Number-109060004343/29.03.2025)	04.02.2025	1 വർഷം	1646540	
2	കക്കട്ടിൽ കോ-ഓപറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ് (FD Receipt Number-109060004344/29.03.2025)	04.02.2025	1 വർഷം	1646540	
ആകെ				3293080	

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	8	2003-04 (മറ്റ് പരാമർശം)	11.14	പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി	തുടരുന്നു
2001-02	6	2003-04 (മറ്റ് പരാമർശം)	11.14	കല്ലുമ്മൽ-പ്രാറേന്റ മീത്തൽ റോഡ്	തുടരുന്നു
2015-16	2-1	2016-17	അനുബന്ധം- 5	തൊഴിൽ നികുതി അപാകങ്ങൾ	തുടരുന്നു

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി) സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
1	1996-97	9(1)	ശ്രീ. പി. നാരായണൻ	എൽ. എഫ്. 14146/ SP Cell. Sc4/ 2000/ 20.10.01	295		-	-	-		295	

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	61359173
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	57256534
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2111788

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-10	11788	ഡോ. ജ്യോത്സ്ന ബാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ
1-13	2100000	ശ്രീമതി. രാജശ്രീ സി. എച്ച്,

		സെക്രട്ടറി
ആകെ	2111788	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ജ്യോത്സ്ന ബാലകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഹോമിയോ, ഗവ. ഹോമിയോ ഡിസ്പെൻസറി, വിലങ്ങാട്	തോക്കമണ്ണിൽ, ചുഴലൂർ പി.ഒ, വെള്ളൂനൂർ, കോഴിക്കോട്
ശ്രീമതി. രാജശ്രീ സി. എച്ച്, സെക്രട്ടറി	സെക്രട്ടറി, റിട്ടയേർഡ്	നിയതം, പീറ്റക്കണ്ടിയിൽ, കോടഞ്ചേരി, 673503

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1999-00 ഡി.സി.ബി	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(4) തി.27.04.2023	2	8,1,(ഡി.സി.ബി) (സമാഹൃതം)
1999-00 (പ്ലാൻ)	കെ.എസ്.എ.കെ.കെ.ഡി.പി3/1048/ 2019(4) തി.26.08.2020	4	8,9,16,17
2000-01 (പ്ലാൻ)	എൽ.എഫ്.കെ.കെ.ഡി.പി3/1048/2019(54)/ തി.25.08.2020	5	3, 4(2), 5, 11, 12
2001-02	എൽ.എഫ്.കെ.കെ.ഡി/പി6/ 1689(19)/2011 തീയതി 08.12.2011	7	3,4(1),4(2),5,7, 11, 12
2005-06	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(9) തി.27.04.2023	2	3-10,3-13(1,2)
2006-07	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(10) തി.27.04.2023	3	3-8,3-14, 3-15
2007-08	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(11) തി.27.04.2023	8	3-1,3-4,3-9,3-10, 3-11,3-12, 3-13,3-16(എ))
2009-10	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(13) തി.27.04.2023	3	3-6,3-7, 3-8
2010-11 &11-12	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(14) തി.27.04.2023	8	3-3, 3-4, 3-6, 3-8,3-9,3-12,

			3-10,3-13
2012-13, 2013-14	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(15) തി.27.04.2023	8	3-6,3-7,3-9,3-11, 3-13,3-14,3-22, 3-20
2014-15	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(16) തി.27.04.2023	6	3-1,3-4(1),3-5, 3-12,3-14,3-15
2015-16	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(17) തി.27.04.2023	5	2-1,2-3,3-2, 3-3(1,2),3-1
2016-17	കെ.എസ്.എ.കെ.കെ.ഡി.പി3/371/ 2022(18) തി.27.04.2023	5	3-1,3-2, 3-8, 3-10, 3-13
2017-18	കെ.എസ്.എ.കെ.കെ.ഡി.പി3/1069/ 2022(1) തി.27.04.2023	13	1-10,1-12(1-2),2-5, 3-3,3-6,3-7,3-8, 3-9,3-10,3-13, 3-14,3-16, 3-17
2018-19	കെ.എസ്.എ.കെ.കെ.ഡി.പി3/1069/ 2022(2) തി.27.04.2023	12	1-5(1,2,3,5,6), 1-6(1,3),1-10,1-13, 1-16,1-20,1-22, 1-23,1-27(2), 1-27(3),1-29,1-30
2019-20	കെ.എസ്.എ.കെ.കെ.ഡി.പി3/ 1822/ 2022 തി-03.12.2022	26	1-1,1-3(1), 1-3(3), 1-3(4), 1-3(5), 1-3(7), 1-3(8), 1-4, 1-5(ബി),1-5(ഡി), 1-6(1),1-6(2),1-8, 1-10,1-11,1-13,1-14, 1-15(2),1-15(3), 1-16,1-17, 1-18, 1-20,1-21,1-24,1-25
2020-21	കെ.എസ്.എ.കെ.കെ.ഡി.പി3/1003/ 2022 തി-23.06.2023	28	1-1, 1-2-1, 1-4-1, 1-6, 1-7-1, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18 To 1-28, 4-11
2021-22	കെ.എസ്.എ.കെ.കെ.ഡി.പി3/1009/ 2023 തി-07.02.2024	23	1-1, 1-2-1, 1-4-1, 1-5, 1-8, 1-9 മുതൽ 1-15 വരെ1-17, 1-19, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-27, 4-8, 4-11
2022-23	കെ.എസ്.എ.കെ.കെ.ഡി.പി3/1491/ 2023 തി-06.05.2024	35	1-1,1-1-1 മുതൽ 1-1-10വരെ,1-4-1,1-5, 1-6,1-8,1-9 മുതൽ 1-26 വരെ,4-8,4-11
2023-24	കെ.എസ്.എ.കെ.കെ.ഡി.പി3/1942/ 2024 തി-14.03.2025	36	1-1,1-1-1 മുതൽ 1-1-9 വരെ,1-7 മുതൽ 1-29 വരെ,3-1,4-8,4-10,4-11

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 30-05-2025 and submitted on 22-10-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Naripatta Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Naripatta Grama Panchayat as on 31-03-2025

Date: 22/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Naripatta Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

(1) All statements are not included with AFS

(2) Cash flow Statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

(3) Lapses in making timely and accurate demand entries in respect of tax and non tax revenue.

(4)Demand Registers are not periodically reconciled with accounts

(5)Expenditure using Maintenance fund not included in I(14E) statement.

(6)Details of Asset are not produced for Audit

(7)Cheques not collected - loss of revenue

(8)Grant liability amount shown as liability in Balance sheet does not match with Bank account opened for the specified purpose

(9)The building rent collection amount was not accounted correctly.

(10)Non-disclosure of receipts
Eg-E-tenderfee

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്